പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 3653

15.07.2015 -ലെ മറുപടിയ്ക്ക്

# തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം<br>ശ്രീ. പി.കെ.ഗുരുദാസൻ<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. പി.ശ്രീരാമകൃഷ്ണൻ | ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷംതൊഴിലില്ലായ്മ പരിഹരിക്കാനായി സ്വീകരിച്ച നടപടി എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ; | (എ) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖാന്തിരം നടപ്പാക്കി വരുന്ന കെസ്റു, മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ് /ജോബ് ക്ലബ് എന്നീ സ്വയം തൊഴിൽ പദ്ധതികൾ പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സബ്സിഡിയിനത്തിലും, ശരണ്യ പദ്ധതിക്ക് വായ്പ സബ്സിഡിയിനത്തിലും, കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തുകയും ടി തുക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ അപേക്ഷകർക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിന് അനുവദിക്കുകയും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് അതിലൂടെ തൊഴില്ലായ്മ ഒരു പരിധിവരെ കുറയ്ക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്റെ ഭാഗമായി എംപ്ലോയ്മെന്റ് വകുപ്പ് മുഖേന 'എംപ്ലോയബിലിറ്റി സെന്റർ' എന്ന പുതിയ പദ്ധതിയും അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി ജോബ് ഫെയറുകളും ആരംഭിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്ന ഒഴിവുകൾക്ക പുറമെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റ ശേഷം എംപ്ലോയ്മെന്റ് വകുപ്പ് മുഖേന ജില്ലാ തലത്തിൽ 4 ജോബ് ഫെയറുകളും സംസ്ഥാനാടിസ്ഥാനത്തിൽ 'നിയുക്തി 2015' എന്നപേരിൽ 5 മെഗാ ജോബ് ഫെയറുകളും സംഘടിപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) ഇതിന്റെ ഫലമായി എത്ര പേർക്ക് പുതിയതായി തൊഴിൽ ലഭിച്ചുവെന്ന് കണക്കാക്കിയിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) കശുവണ്ടി, കയർ, കൈത്തറി ഉൾപ്പെടെയുള്ള പരമ്പരാഗത മേഖലയിലെ തൊഴിൽ നഷ്ടം നേരിടാനായി എന്തെങ്കിലും പദ്ധതി ഉണ്ടായിരുന്നോ; അവയുടെ വിശദാംശം നൽകുമോ ; | (സി) കശുവണ്ടി, കയർ, കൈത്തറി ഉൾപ്പെടെയുള്ള പരമ്പരാഗത മേഖലയിൽ തൊഴിൽ നഷ്ടം നേരിടാനായി ഈ മേഖലകളിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് സാമ്പത്തിക താങ്ങൽ പദ്ധതി പ്രകാരം (ഇൻകം സപ്പോർട്ട് സ്കീം) സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. അവയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) ഒരു ലക്ഷം പേർക്ക് തൊഴിലവസരം സൃഷ്ടിക്കാനായി 500 കോടിയുടെ തൊഴിൽദാന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ; | (ഡി)ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) പദ്ധതിയുടെ ഫലമായി എത്ര പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചെന്നും അതിനായി ചെലവഴിച്ച തുക എത്രയെന്നും കണക്കാക്കി യിട്ടുണ്ടോ ? | (ഇ) ബാധകമല്ല. |

Sreedevi

സെക്ഷൻ ഓഫീസർ

## അനുബന്ധം.

| നം. | വർഷം | മേഖല | ഇൻകം സപ്പോർട്ട് സ്കീം പ്രകാരം അനുവദിച്ച തുക |
|---|---|---|---|
| 1 | 2011-12 | കയർ മേഖല | 5,50,60,000/- |
| | | ഖാദി മേഖല | 14,68,00,000/- |
| | | ഫിഷറീസ് | 1,70,60,000/- |
| | | കൈത്തറി ബോർഡ് | 1,09,60,000/- |
| | | ബീഡി & ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | 5,30,60,000/- |
| | | ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 1,70,60,000/- |
| 2 | 2012-13 | കയർ | 23,00,00,000/- |
| | | ഖാദി | 20,00,00,000/- |
| | | ഫിഷറീസ് | 30,00,00,000/- |
| | | ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2,00,00,000/- |
| 3 | 2013-14 | കയർ | 25,00,00,000/- |
| | | ഖാദി | 18,00,00,000/- |
| | | ഫിഷറീസ് | 30,00,00,000/- |
| | | ബീഡി & ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | 1,00,00,000/- |
| | | ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 1,00,00,000/- |
| 4 | 2014-15 | ഖാദി | 22,00,00,000/- |
| | | ഫിഷറീസ് | 19,88,00,000/- |
| | | ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 1,50,00,000/- |
| | | കൈത്തറി വകുപ്പ് | 3,00,00,000/- |

Sreedevi

സെക്ഷൻ ഓഫീസർ